GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/10/2026

1. കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ അഗ്രികൾച്ചർ മിഷന്റെ ഭാഗമായി നടപ്പാക്കുന്ന അഗ്രിസ്റ്റാക്ക് കർഷക രജിസ്ട്രിയിൽ നേരത്തെ രജിസ്റ്റർ ചെയ്ത് ഫാർമർ ഐഡി നേടിയ കർഷകർ, തങ്ങളുടെ പേരിലുള്ള മുഴുവൻ കൃഷിഭൂമികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്ട്രി അപ്ഡേറ്റ് ചെയ്യണമെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് അറിയിച്ചു. പ്രാരംഭഘട്ടത്തിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് തങ്ങളുടെ

ഉടമസ്ഥതയിലുള്ള ഏതെങ്കിലും ഒരു കൃഷിഭൂമിയുടെ വിവരങ്ങൾ മാത്രമേ രജിസ്ട്രിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിരുന്നുള്ളൂ. നിലവിൽ, കർഷകരുടെ പേരിലുള്ള മറ്റ് കൃഷിഭൂമികളുടെ വിവരങ്ങൾ കൂടി ചേർക്കുന്നതിനുള്ള സൗകര്യം അഗ്രിസ്റ്റാക്ക് പോർട്ടലിലും ആപ്ലിക്കേഷനിലും ലഭ്യമാണ്. അഗ്രിസ്റ്റാക്ക് കർഷക രജിസ്ട്രിയിൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കർഷകർ എത്രയും വേഗം രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. കൃഷിഭൂമിയുടെ വിവരങ്ങൾ സ്വയം ചേർക്കുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുന്ന യൂസർ മാനുവൽ കൃഷി വകുപ്പിന്റെ വെബ്-സൈറ്റിൽ ലഭ്യമാണ്. മാനുവലിന്റെ സഹായത്തോടെ കർഷകർക്ക് തങ്ങളുടെ വിവരങ്ങൾ സ്വയം ചേർക്കുകയോ തിരുത്തുകയോ ചെയ്യാം. കൂടാതെ, സമീപത്തെ അക്ഷയ കേന്ദ്രങ്ങൾ, കോമൺ സർവീസ് സെന്ററുകൾ (CSC), കൃഷിഭവനുകൾ എന്നിവയുടെ സേവനവും പ്രയോജനപ്പെടുത്താം.

2. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മക്കണ്ടകരിയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ പരിശീലനകേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി 'ശാസ്ത്രീയ പശുപരിപാലനം എന്ന വിഷയത്തെ ആസ്പദമാക്കി ഈ മാസം 26 മുതൽ 30 വരെയുള്ള തീയതികളിൽ കർഷകർക്ക് പരിശീലനം

സംഘടിപ്പിക്കുന്നു. താൽപര്യമുള്ള കർഷകർക്ക് 8089151789/ 9496332048/ 8304948553 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുകയോ വാട്സ്അപ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കൈറ്റ് വെള്ളായണി ഒക്ടോബർ 23 ന് **ക്ഷീര കൃഷിയിലും**, ഒക്ടോബർ 27ന് **'തെങ്ങ് കൃഷി നടീലും പരിപാലന രീതികളും'** എന്ന വിഷയത്തിലും, ഒക്ടോബർ 31 ന് **'മൈക്രോഗ്രീൻ കൃഷി'** എന്ന വിഷയത്തിലും നടത്തുന്ന ഏകദിന പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ പരിശീലന പരിപാടിക്കും ₹500/- രൂപ വീതമാണ് രജിസ്ട്രേഷൻ ഫീസ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

4. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ഒക്ടോബർ 23 മുതൽ 31 വരെ 10 ദിവസങ്ങളിലായി "ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന" പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്കും

ക്ഷീരസംരംഭകർക്കും ഓച്ചിറ പരിശീലനകേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടിഡയറക്ടർമാർ മുഖാന്തിരമോ അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കായി പരിശീലനം പരിമിതപ്പെടുത്തിയിരിക്കുന്നു. പരിശീലനാർത്ഥികൾ ഒക്ടോബർ 22 ന് വൈകുന്നേരം 5 മണിക്ക് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിന് എത്തുന്നവർ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9645922324, 8593025639, 0476-2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന *"Introduction to Generative AI"* എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ കോഴ്സിന്റെ പുതിയ ബാച്ച് **നവംബർ 6** ന് ആരംഭിക്കുന്നു. നവംബർ 16 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. ഇതിനായി കമ്പ്യൂട്ടറോ മൊബൈൽ ഫോണോ (സ്മാർട്ട് ഫോൺ) ഉപയോഗിക്കാം. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ

നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **നവംബർ 6** മുതൽ യുസർ ഐ. ഡി.യും പാസ്സ്വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 0487-2438566 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.